പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 264

# 2025-ലെ വനം-വന്യജീവി (സംരക്ഷണ) ഭേദഗതി ബിൽ

(ശ്രീ. കെ. പി.  കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 264

# 2025-ലെ വനം-വന്യജീവി (സംരക്ഷണ) ഭേദഗതി ബിൽ

(ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

847/2025.

# 2025-ലെ വനം-വന്യജീവി (സംരക്ഷണ) ഭേദഗതി ബിൽ

(ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1972-ലെ വനം-വന്യജീവി സംരക്ഷണ നിയമം ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1972-ലെ വനം-വന്യജീവി സംരക്ഷണ നിയമം (1972-ലെ 53-ാം നമ്പർ ആക്റ്റ്) ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ 76-ാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ വനം-വന്യജീവി (സംരക്ഷണം) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം .

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് .

2. 50-ാം വകുപ്പിനുള്ള ഭേദഗതി.—1972-ലെ വനം-വന്യജീവി (സംരക്ഷണം) നിയമത്തിലെ (1972 ലെ 53-ാം നമ്പർ ആക്റ്റ്) 50-ാം വകുപ്പ് 9-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, ഏതെങ്കിലും വ്യക്തി അയാളുടെ വാസസ്ഥലത്ത് വെച്ചോ ജോലിചെയ്യുന്ന കെട്ടിടത്തിൽ വെച്ചോ കൃഷി സ്ഥലത്ത് വെച്ചോ സ്വന്തം ജീവനോ, മറ്റാരുടെയെങ്കിലും ജീവനോ, സംരക്ഷിക്കുന്നതിന് വേണ്ടിയോ പ്രതിരോധിക്കുന്നതിന് വേണ്ടിയോ, തന്റെ കാർഷികോൽപന്നമോ, കാർഷികവിളകളോ, സംരക്ഷിക്കുന്നതിന് വേണ്ടിയോ ഈ നിയമത്തിലെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും മൃഗത്തിനെ ഉപദ്രവിക്കുകയോ ജീവഹാനി വരുത്തുകയോ ചെയ്താൽ ഒരു മജിസ്ട്രേറ്റിന്റെ വാറണ്ട് കൂടാതെ അയാളെ അറസ്റ്റ് ചെയ്യാൻ പാടുള്ളതല്ല."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സാമൂഹ്യ ജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന തരത്തിലും മലയോര കാർഷിക മേഖലയിൽ പ്രത്യേകിച്ചും വലിയതോതിൽ വെല്ലുവിളി ഉയർത്തുകയും മലയോര മേഖലയിലും ജനവാസ കേന്ദ്രങ്ങളിലും മാത്രമല്ല നഗരങ്ങളിലെയും സമാധാന ജീവിതത്തിന് ഭംഗം വരുത്തുകയും വന്യജീവി ആക്രമണം മൂലം ജീവാപായം സംഭവിക്കുകയും, ഗുരുതരമായി പരിക്ക് പറ്റുകയും, കൃഷിക്കും സ്വത്തിനും നാശനഷ്ടം വരികയും ചെയ്യുന്ന അത്യന്തം ആശങ്കാജനകമായ സാഹചര്യത്തിൽ വന്യജീവി ആക്രമണം തടയുന്നതിനും പ്രതിരോധ-സുരക്ഷാസംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിയമ സുരക്ഷ ശക്തമാക്കേണ്ടതുമാണ്.

1972-ലെ വനം-വന്യജീവി സംരക്ഷണ നിയമത്തിന്റെ 51-ാം വകുപ്പിന് ആസാം സ്റ്റേറ്റ് ഭേദഗതി കൊണ്ടുവരുകയും 51 എ, 51 ബി, വകുപ്പുകൾ ആയി മൂലനിയമത്തിൽ ഉൾച്ചേർക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവികളുടെ ആക്രമണത്താൽ നിരവധി മനുഷ്യജീവനുകൾ നഷ്ടപ്പെട്ടിട്ടുള്ള കേരളത്തിൽ ഇവിടെ പ്രതിപാദിച്ച തരത്തിൽ ഒരു ഭേദഗതി മൂല നിയമത്തിൽ കൊണ്ടുവരിക എന്നത് കാലോചിതം ആയിരിക്കും. നിയമം നടപ്പാക്കുന്ന ഏജൻസികൾക്ക് ഭരണഘടനാതീതമായ അധികാരങ്ങൾ നൽകുന്ന വിധത്തിലാണ് വിവിധ കേന്ദ്ര നിയമങ്ങൾ നിർമ്മിച്ചിരിക്കുന്നതായി കാണാൻ കഴിയുന്നത്.

2002-ലെ കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമം (Prevention of Money laundering Act 2002) ഇത്തരത്തിൽ ജുഡിഷ്യൽ സ്ക്രൂട്ടിനിക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. അതുപോലെ വനം-വന്യജീവി സംരക്ഷണ നിയമത്തിലെ ഭരണഘടനാ വിരുദ്ധമായ അംശങ്ങൾ നീക്കം ചെയ്യേണ്ടതുണ്ട്.

വനം-വന്യജീവി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്ന അമ്പതാം വകുപ്പിൽ ഒരു ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കുക എന്നതാണ് ഇവിടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഭേദഗതി.

ഇതനുസരിച്ച് കുറ്റാരോപിതരിൽ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വേണ്ടി അവർ ചെയ്യുന്ന ഒരു പ്രവൃത്തിയെ അത് കുറ്റമാണോ എന്ന് നിശ്ചയിക്കാനുള്ള അധികാരം ഉദ്യോഗസ്ഥരിൽ നിന്നും ജ്യുഡീഷറിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയാണ്. 1972 ലെ വനം-വന്യജീവി സംരക്ഷണ നിയമപ്രകാരം ഒരാൾ അയാളുടെ വാസഗൃഹത്തിൽ അയാളുടെയും കുടുംബത്തിന്റെയും ജീവൻ സംരക്ഷിക്കുന്നതിന് വേണ്ടി നിയമത്തിലെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജീവിയെ കൊന്നാൽ പോലും അയാൾ നിയമപ്രകാരം ശിക്ഷാർഹനാണ്. ഒരു കൊലപാതക കേസിലെ പ്രതിക്ക് സ്വയം പ്രതിരോധം (സെൽഫ് ഡിഫൻസ്) എന്ന ഒരു ഇളവ്, നിലവിൽ റദ്ദാക്കപ്പെട്ട ഇന്ത്യൻ ശിക്ഷാനിയമത്തിലും പുതിയതായി കൊണ്ടുവന്ന ഭാരതീയ ന്യായ സംഹിതയിലും

ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയം പ്രതിരോധത്തിന് അയാൾ ഈ കുറ്റ കൃത്യം നടത്തിയെന്ന് കോടതിക്ക് ബോധ്യം വന്നാൽ മാത്രം അയാളെ അറസ്റ്റ് ചെയ്യുകയോ വേണ്ടയോ എന്ന് തീരുമാനിക്കാനും അതനുസരിച്ച് വാറണ്ട് പുറപ്പെടുവിക്കാനുമുള്ള അധികാരം കോടതിയിൽ നിക്ഷിപ്തമാക്കുക എന്നതാണ് ഈ നിയമഭേദഗതി ലക്ഷ്യം വയ്ക്കുന്നത്.

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിന് അയവ് വരുത്തേണ്ടതും ആധുനിക കൃഷി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കൃഷി വ്യാപിപ്പിക്കേണ്ടതിന്റെയും കൃഷിയിടങ്ങളുടെയും വിളകളുടെയും സംരക്ഷണം ഉറപ്പാക്കേണ്ടതിന്റെയും ഫാംകൃഷി, ഫാം ടൂറിസം എന്നിവ ശക്തിപ്പെടുത്തുന്നതിന്റെയും വന-മലയോര മേഖലയോട് ചേർന്നുള്ള ജനജീവിതം സമാധാനപൂർവ്വമാക്കുന്നതിന് ഉതകുന്ന തരത്തിൽ ഒരു നിയമ ഭേദഗതി അനിവാര്യമായിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതു മൂലം സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരുവിധ അധിക തുകയോ ചെലവോ ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. ആയത് സഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോട് കൂടിയതും ആണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിൽ ഉള്ളതാണ്.

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.